**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3222** **11-03-2025 - ൽ മറുപടിയ്ക്ക്**

**സമഗ്ര ശിക്ഷാ കേരളം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | 2024-25 അക്കാദമിക വർഷത്തിൽ എസ്.എസ്.കെ. പദ്ധതി വഴി എത്ര പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്; വിശദമാക്കാമോ; | (എ) | 2024-25 അക്കാദമിക വർഷത്തിൽ എസ്.എസ്.കെ പദ്ധതി വഴി നടപ്പിലാക്കിയ പ്രോജക്ടുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട് |
| (ബി) | പ്രസ്തുത പ്രോജക്ടുകൾ നടപ്പാക്കുന്നതിന് സംസ്ഥാന സർക്കാർ അനുവദിച്ച തുക എത്രയാണെന്ന് വ്യക്തമാക്കുമോ; | (ബി) | 28-02-2025 വരെ എസ്.എസ്.കെ പദ്ധതി യുടെ ഭാഗമായുള്ള വിവിധ പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന് സംസ്ഥാന സർക്കാർ തദ്ദേശ സ്വയംഭരണ സ്ഥാപന വിഹിതം ഉൾപ്പടെ 220.76 കോടി അനുവദിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന് എത്ര രൂപയാണ് കേന്ദ്ര വിഹിതമായി ലഭിച്ചതെന്ന് വ്യക്തമാക്കുമോ; | (സി) | 2024-25 സാമ്പത്തിക വർഷം കേന്ദ്ര വിഹിതമായി എസ്.എസ്.കെ പദ്ധതിക്ക് 05-03-2025 വരെ ഫണ്ട് ലഭിച്ചിട്ടില്ല. |
| (ഡി) | നിലവിൽ എസ്.എസ്.കെ. യിൽ എത്ര ജീവനക്കാർ അന്യത്ര സേവന വ്യവസ്ഥയിലും കരാർ അടിസ്ഥാനത്തിലും ജോലി ചെയ്യുന്നുണ്ട്; വ്യക്തമാക്കാമോ; | (ഡി) | സംസ്ഥാന - ജില്ലാ - ബി.ആർ.സി തലങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>അന്യത്ര സേവന വ്യവസ്ഥയിൽ ജോലി ചെയ്യുന്ന ജീവനക്കാർ = 627<br><br>കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാർ = 5006<br><br>ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാർ = 1115 |
| (ഇ) | 2024-25 അക്കാദമിക വർഷത്തിൽ എസ്.എസ്.കെ. സംവിധാനം പ്രവർത്തിക്കുന്നതിന് ഓരോ മാസവും സംസ്ഥാന സർക്കാരിന് വരുന്ന ചെലവ് എത്രയാണെന്ന് വ്യക്തമാക്കാമോ? | (ഇ) | 2024-25 വർഷം എസ്.എസ്.കെ സംവിധാനം പ്രവർത്തിക്കുന്നതിന് ശമ്പള യിനത്തിൽ ഓരോ മാസവും സംസ്ഥാന സർക്കാരിന് ശരാശരി 20 കോടി രൂപയുടെ ചെലവ് വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

**Q No- 3222**

1. ഭിന്നശേഷി വിഭാഗം കുട്ടികൾക്കുള്ള മെഡിക്കൽ ക്യാമ്പുകൾ.
2. തെറാപ്പി സേവനങ്ങൾ.
3. സ്കൂൾ പ്രവേശനോത്സവം.
4. സ്പെഷ്യൽ എഡ്യൂക്കേറ്റർമാർ മുഖാന്തിരം കിടപ്പ രോഗികളായ ഭിന്നശേഷിക്കാർ ഉൾപ്പെടെയുള്ള വിദ്യാർത്ഥികൾക്ക് നൽകുന്ന പഠന പിന്തുണ പദ്ധതികൾ.
5. സ്പെഷ്യലിസ്റ്റ് അധ്യാപകരുടെയും പാർട്ട് ടൈം ഇൻസ്ട്രക്ടർമാരാരുടെയും സഹായത്തോടെ പൊതു വിദ്യാലയങ്ങളിൽ നടത്തുന്ന കലാകായിക പ്രവർത്തനങ്ങൾ, കലാ ഉത്സവ്, കായികമേളകൾ.
6. റെസിഡൻഷ്യൽ ഹോസ്റ്റൽ ഫോർ ബോയ്സ് (6 എണ്ണം)ദൈനംദിന പ്രവർത്തനങ്ങൾ.
7. ഔട്ട് ഓഫ് സ്കൂൾ കുട്ടികൾക്കായുള്ള പ്രോഗ്രാമുകൾ.
8. പ്രാദേശിക പ്രതിഭാ കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾ.
9. ദേശീയ/സംസ്ഥാനതല അസസ്മെന്റ് പ്രവർത്തനങ്ങൾ.
10. ശാസ്ത്ര പ്രോഗ്രാമുകൾ.
11. ബി. ആർ .സി , സി. ആർ. സി പ്രവർത്തനങ്ങൾ.
12. ഭിന്നശേഷി കുട്ടികളുടെ ഗൃഹാധിഷ്ഠിത വിദ്യാഭ്യാസം.
13. ചങ്ങാതിക്കൂട്ടം പരിപാടി.
14. ഭിന്നശേഷി കുട്ടികൾക്കുള്ള സഹായ ഉപകരണങ്ങൾ.
15. സിവിൽ വർക്കുകൾ.
16. KGBV ഹോസ്റ്റലിലെ ദൈനംദിനപ്രവർത്തനങ്ങൾ.
17. ഇൻക്ലൂസീവ് സ്പോർട്സ്.
18. MMMER ശീർഷകത്തിൽ നിന്നുള്ള ചെലവുകൾ.
19. കമ്മ്യൂണിറ്റി മൊബിലൈസേഷന്റെ ഭാഗമായുള്ള പ്രവർത്തനങ്ങൾ.
20. സേവാസ് പദ്ധതി.
21. അർഹതയുള്ള കുട്ടികൾക്ക് സൗജന്യ പാഠപുസ്തകങ്ങൾ.
22. സൗജന്യ യൂണിഫോം, യൂണിഫോം അലവൻസ്.

……………………………